swamy saranam

# TRAVANCORE DEVASWOM BOARD

**Office of the Executive Engineer, Sabarimala Development Project, Pathanamthitta**

**Ph:- 0468- 2220666** **e-mail: eesabarimala@gmail.com**

**No:SDP/EE/Auction-1/2024-25** **Date: 29-07-2024**

## ലേലപ്പരസ്യം

ശബരിമല സന്നിധാനത്ത് ശേഖരിച്ചിരിക്കുന്ന ആക്രി (ഇരുമ്പ് ) സാധനങ്ങളുടെ പരസ്യമായ ലേലം 23/08/2024 വ്യാഴാഴ്ച്ച രാവിലെ 11 മണിക്ക് പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വെച്ച് നടത്തുന്നതാണ് ലേലം ചെയ്യുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| SI No. | Details | Quantity |
|---|---|---|
| 1 | Damaged iron material (Scrap) | 20000 kg (Appx) |

**ലേല / ക്വോട്ടേഷൻ വ്യവസ്ഥകൾ**

1. ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് തിരിച്ചറിയൽ രേഖയോടൊപ്പം അന്നേ ദിവസം 11 മണിക്ക് മുൻപായി നിശ്ചിത നിരതദ്രവ്യമായ 11000/- രൂപ കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ് .
2. ബോർഡ് അംഗീകരിച്ച മതിപ്പ് വിലയായ 6,07,200/- രൂപയിൽ(GST ഉൾപ്പടെ) ലേലം ആരംഭിക്കുന്നതാണ് മേൽ തുകയിൽ താഴെ ക്വോട്ട് ചെയ്യുന്ന ലേലം / ക്വോട്ടേഷൻ പരിഗണിക്കുന്നതല്ല .
3. ക്വോട്ടേഷൻ നൽകാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത ക്വോട്ടേഷൻ സീൽ ചെയ്ത കവറിൽ നേരിട്ടോ തപാൽ മുഖേനയോ **എക്സിക്യൂട്ടീവ് എഞ്ചിനീയർ ശബരിമല ഡെവലപ്പ്മെന്റ് പ്രൊജക്റ്റ് , തിരുവിതാംകൂർ ദേവസ്വം ബോർഡ് ,പത്തനംതിട്ട** "689645"എന്ന വിലാസത്തിൽ 22/08/2024 തീയതി വൈകിട്ട് 4 മണിക്ക് മുൻപ് കിട്ടത്തക്കവിധം അയക്കേണ്ടതാണ്.ക്വോട്ടേഷനോടൊപ്പം ഏതെങ്കിലും ദേശസാൽകൃതബാങ്ക് / ധനലക്ഷ്മി ബാങ്കിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശബരിമല ഡവലപ്പ്മെന്റ് പ്രൊജക്റ്റ് ,പത്തനംതിട്ട എന്ന പേരിലെടുത്ത നിരത ദ്രവ്യത്തിനുള്ള ഡിമാൻറ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്
4. കവറിനുമുകളിൽ **ശബരിമല സന്നിധാനത്ത് ശേഖരിച്ചിരിക്കുന്ന ഉപയോഗശൂന്യമായ ഇരുമ്പ് സാധനങ്ങളുടെ ലേലത്തിനുള്ള ക്വോട്ടേഷൻ** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
5. ക്വോട്ടേഷൻ നല്കിയിട്ടുള്ളവർ ലേല സ്ഥലത്ത് നിർദിഷ്ട സമയത്തുതന്നെ ഹാജരായിരിക്കേണ്ടതാണ്.
6. പ്രസ്തുത ലേലം കഴിഞ്ഞാലുടൻ തന്നെ സമർപ്പിക്കപ്പെട്ടിരിക്കുന്ന ക്വോട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതും ലേലത്തിലോ ക്വോട്ടേഷനിലോ കൂടുതൽ തുക കാണിക്കുന്ന ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിച്ചു നൽകുന്നതും ടി യാൻ കോട്ട് ചെയ്ത തുകയുടെ 50% ലേലത്തുകയും (നിരതദ്രവ്യം കഴിച്ച് ) ലേല സ്ഥലത്തു തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്.
7. ലേലം/ ക്വോട്ടേഷൻ സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടുന്ന മുറക്ക് ബാക്കി തുകയോടൊപ്പം 18% ജി .എസ് .ടി കൂടി ഒടുക്കി 10 ദിവസത്തിനുള്ളിൽ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ശബരിമല അസിസ്റ്റൻറ് എഞ്ചിനീയറുടെ മേൽ നോട്ടത്തിലും സാധന സാമഗ്രികൾ ശബരിമലയിൽ നിന്നും നീക്കം ചെയ്യണ്ടതാണ്.

8. ഏതെങ്കിലും കാരണവശാൽ ലേലം/ ക്വോട്ടേഷൻ ലഭിക്കുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടി യാൻ അടയ്ക്കുന്ന തുക ദേവസ്വം ബോർഡിലേക്ക് മുതൽ കൂട്ടുന്നതും സാധന സാമഗ്രികൾ പുനർലേലം ചെയ്യുന്നതുമായിരിക്കും.
9. ലേലം / ക്വോട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും കാരണം കാണിക്കാതെ നിരാകരിക്കുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും
10. നിലവിൽ ഡിപ്പാർട്ട്മെന്റിൽ നിലനിൽക്കുന്ന എല്ലാ ലേല വ്യവസ്ഥകളും ഇതിനും ബാധകമാണ് .
11. കൂടുതൽ വിവരങ്ങൾക്ക് ഈ ആഫീസുമായോ ശബരിമല അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസുമായോ ബന്ധപ്പെടാവുന്നതാണ് .

Sd/-
എക്സിക്യൂട്ടീവ് എഞ്ചിനീയർ
ശബരിമല ഡെവലപ്മെന്റ് പ്രൊജക്റ്റ്
പത്തനംതിട്ട.